LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടപടികൾ

പതിനൊന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

2005 ജൂലായ് 22, വെള്ളി

നിയമസഭ 2005 ജൂലായ് മാസം 22-ാം തീയതി വെള്ളിയാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ടി.എം. ജേക്കബിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ചോദ്യം നമ്പർ: 289

അന്യാധീനപ്പെട്ട ദേവസ്വം ഭൂമി

*1 [289] ശ്രീ. എം. മുരളി:
പ്രൊഫസർ എ. ഡി. മുസ്തഫ:
ശ്രീ. ടി. എൻ. പ്രതാപൻ:
,, കെ. എ. ചന്ദ്രൻ:
ശ്രീമതി മേഴ്സി രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെയും അതിന്റെ കീഴിലുള്ള ക്ഷേത്രങ്ങളുടെയും എത്ര ഹെക്ടർ ഭൂമി അന്യാധീനപ്പെട്ടിട്ടുണ്ട്; എത്ര ഹെക്ടർ ഭൂമിയിൽ കയ്യേറ്റങ്ങളുണ്ടായിട്ടുണ്ട്;

(ബി) അന്യാധീനപ്പെട്ടതും കയ്യേറ്റത്തിന് വിധേയമായതുമായ ഭൂമി തിരിച്ചു കിട്ടാൻ എന്തെല്ലാം നടപടികളെടുത്തുവെന്ന് വിശദമാക്കുമോ?

വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ.സി. വേണുഗോപാൽ): (എ) ദേവസ്വം റിക്കാർഡുകളും സർക്കാർ റിക്കാർഡുകളും വിശദമായി പരിശോധിച്ചശേഷം മാത്രമേ അന്യാധീനപ്പെട്ട ഭൂമി എത്രയെന്നുള്ളത് കൃത്യമായി അറിയാൻ സാധിക്കുകയുള്ളൂ. തിരുവിതാംകൂർ ദേവസ്വം ബോർഡ് വക 72 ഏക്കർ ഭൂമിയിൽ അനധികൃത കയ്യേറ്റം ഉള്ളതായി കണക്കാക്കിയിട്ടുണ്ട്.

(ബി) കയ്യേറ്റത്തിന്റെ സ്വഭാവമനുസരിച്ച് നിയമനടപടികളും താലൂക്ക് സർവ്വേയർ മുഖാന്തിരം അത്തരം ഭൂമി അളന്ന് തിരിക്കുന്നതിനുള്ള നടപടികളും എൽ.സി. ആക്ട് പ്രകാരം കളക്ടർക്ക് പെറ്റീഷൻ നൽകിയുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

ശ്രീ. ടി. എൻ. പ്രതാപൻ: സർ, തിരുവിതാംകൂർ ദേവസ്വം ഇതുവരെ അന്യാധീനപ്പെട്ടുപോയ എത്ര ഭൂമി തിരിച്ചുപിടിച്ചിട്ടുണ്ട്? കേന്ദ്ര ഗവൺമെന്റിൽനിന്നും ശബരിമല വികസനത്തിനായി തരാമെന്ന് വാഗ്ദാനം ചെയ്ത ഭൂമി എത്രയാണ്? അത് ലഭിച്ചിട്ടുണ്ടോ?

ശ്രീ. കെ. സി. വേണുഗോപാൽ: സർ, അന്യാധീനപ്പെട്ട മൂന്ന് ഏക്കർ ഭൂമിയാണ് തിരുവിതാംകൂർ ദേവസ്വം ബോർഡ് ഇതുവരെ തിരിച്ചു പിടിച്ചിട്ടുള്ളത്. അന്യാധീനപ്പെട്ട മറ്റ് സ്ഥലങ്ങൾ തിരിച്ചുപിടിക്കുന്നതിനുള്ള നടപടികളുടെ ഘട്ടത്തിലാണ്. ശബരിമലയുടെ വികസനത്തിനു വേണ്ടി നിലയ്ക്കലിൽ 110 ഹെക്ടറും, പമ്പ-സന്നിധാനം മേഖലയിൽ 12.675 ഹെക്ടറും കേന്ദ്രഗവൺമെന്റ് നമുക്ക് നൽകാമെന്നു പറഞ്ഞിരുന്നു. നിലയ്ക്കൽ പ്രദേശത്തെ 110 ഹെക്ടർ വനഭൂമി കൈമാറാനുള്ള നടപടികൾ പൂർത്തിയായിക്കഴിഞ്ഞിട്ടുണ്ട്. പമ്പ-സന്നിധാനം മേഖലയിൽ 12.675 ഹെക്ടർ ഭൂമി നൽകുന്നതിനുവേണ്ടി കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം അനുമതി നൽകി; കേന്ദ്ര വൈൽഡ് ലൈഫ് ബോർഡും അനുമതി നൽകിക്കഴിഞ്ഞിട്ടുണ്ട്. സുപ്രീംകോടതിയുടെ അന്തിമ അനുമതിക്ക് വേണ്ടിയാണ് കാത്തിരിക്കുന്നത്.

ശ്രീ. ടി. എൻ. പ്രതാപൻ: തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ശബരിമല വികസനവുമായി ബന്ധപ്പെട്ട് നിർണ്ണായകമായ നടപടികൾ സ്വീകരിച്ച് ഭക്തജനങ്ങളുടെ പ്രശംസ പിടിച്ചുപറ്റിയ ഈ ഗവൺമെന്റിനേയും ദേവസ്വം വകുപ്പുമന്ത്രിയേയും ഈ സന്ദർഭത്തിൽ പ്രത്യേകം അഭിനന്ദിക്കുകയാണ്. കഴിഞ്ഞ സീസണിൽ ഭക്തജനങ്ങൾക്കു വേണ്ടി അവിടെ വേണ്ടത്ര സൗകര്യങ്ങൾ ചെയ്യുന്നതിനുവേണ്ടി ഗവൺമെന്റും ദേവസ്വം ബോർഡും പ്രത്യേകമായി താൽപ്പര്യമെടുക്കുകയും ചെയ്തിട്ടുണ്ട്. ഈ വരുന്ന സീസണിൽ ശബരിമലയിൽ എന്തെല്ലാം സൗകര്യങ്ങളാണ് ഭക്തജനങ്ങൾക്കുവേണ്ടി ദേവസ്വം വകുപ്പും തിരുവിതാംകൂർ ദേവസ്വം ബോർഡും മുൻകൂറായി ആവിഷ്കരിച്ചിട്ടുള്ളത്? അത് വിശദമാക്കാമോ?

ശ്രീ. കെ. സി. വേണുഗോപാൽ: സർ, അങ്ങ് ഇവിടെ സൂചിപ്പിച്ചതുപോലെ കേരളത്തിലെ ദൈവവിശ്വാസികൾക്ക് മാത്രമല്ല, കേരളത്തിലെ ജനങ്ങളെയാകെ സംബന്ധിച്ചിടത്തോളം ഏറ്റവും സന്തോഷകരമായ ഒരു വർഷമാണിത്. ശബരിമല വികസനത്തിനായി വനഭൂമി വിട്ടുകിട്ടാൻ വർഷങ്ങളായി നമ്മൾ കേന്ദ്രഗവൺമെന്റിനോട് ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. ആയിരക്കണക്കിന് അയ്യപ്പഭക്തൻമാർക്ക് അവരുടെ പ്രാഥമിക സൗകര്യങ്ങൾപോലും നിർവ്വഹിക്കുവാൻ കഴിയാത്തവണ്ണമുള്ള പ്രയാസങ്ങൾ ഇന്ന് അവിടെ നേരിടുന്നുണ്ട്. എന്നാൽ നമ്മുടെ ബഹുമാനപ്പെട്ട മുൻമുഖ്യമന്ത്രി കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നടത്തിയ നടപടികൾ, അതിന് തുടർച്ചയായി ഈ ഗവൺമെന്റ് സ്വീകരിച്ച വളരെ ശക്തമായ എഫർട്ട്, പ്രധാനമന്ത്രിയുടെ താൽപ്പര്യം, ഞാൻ നേരത്തേ സൂചിപ്പിച്ചതുപോലെ പ്രധാനമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറിയായിരുന്ന ശ്രീ. ടി. കെ. എ. നായർ അടക്കമുള്ള ആളുകൾ എടുത്ത താൽപ്പര്യം എന്നിവമൂലമാണ് വനഭൂമി നമുക്ക് വിട്ടുകിട്ടുവാനുള്ള നടപടി ഉണ്ടായത് എന്നുള്ള കാര്യം

LIBRARY ARCHIVES Kerala Legislative Assembly

ഈ അവസരത്തിൽ ഞാൻ സന്തോഷപൂർവ്വം പറയുകയാണ്. ഈ സീസണിലെങ്കിലും കുറേയേറെ കാര്യങ്ങൾ ചെയ്യണമെന്ന് ഞങ്ങൾ ആഗ്രഹിക്കുകയാണ്. തിരുവിതാംകൂർ ദേവസ്വം ബോർഡുമായി ഇതു സംബന്ധിച്ച് വിശദമായ ചർച്ചകൾ നടത്തിക്കഴിഞ്ഞു. ഇപ്പോൾ വിശദമായ രൂപരേഖ ഉണ്ടാക്കുന്ന തിരക്കിലാണ്. പതിനായിരം വാഹനങ്ങൾ പാർക്ക് ചെയ്യാൻ കഴിയുന്ന ഒരു പാർക്കിംഗ് സെൻറർ ഉണ്ടാക്കുക, 400 കക്കൂസുകൾ നിർമ്മിക്കുക, അതുപോലെതന്നെ പമ്പാ-സന്നിധാനം മേഖലയിൽ കുടിവെള്ളത്തിനും ലാട്രിൻസിനും വേണ്ടിയുള്ള സൗകര്യങ്ങൾ ഒരുക്കുക, ഇത്രയെങ്കിലും ഈ വർഷം ചെയ്യണമെന്ന് ആഗ്രഹിച്ചുകൊണ്ടുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. കെ. എ. ചന്ദ്രൻ: സർ, നമ്മുടെ ഭാരതീയ സംസ്കാരത്തിലെ ഗ്രാമീണത ആരാധനാലയങ്ങളുമായി ബന്ധപ്പെട്ടുള്ളതാണ്. അതുകൊണ്ടുതന്നെ പൂർവ്വികൻമാർ ഓരോ അമ്പലങ്ങളും പള്ളികളും സംരക്ഷിക്കുന്നതിന് അവരാലാകുന്ന സ്വത്തുക്കൾ നീക്കിവച്ചിട്ടുണ്ട്. അതു പിന്നീട് ഭൂപരിഷ്കരണ നിയമംകൊണ്ടും അല്ലാതെയും അന്യാധീനപ്പെട്ടുപോയി. അവയിൽ ചിലത് ഇന്ന് അനാഥാലയങ്ങളായി മാറിയിട്ടുണ്ട്. ഇതു സംരക്ഷിക്കുന്നതിന് സർക്കാരിനോ ദേവസ്വം ബോർഡിനോ എന്തു ചെയ്യാൻ കഴിയും? അതു സംബന്ധിച്ച് വല്ല പരിപാടിയും ഉണ്ടാക്കിയിട്ടുണ്ടോ? അത് വിശദീകരിക്കാമോ?

ശ്രീ. കെ. സി. വേണുഗോപാൽ: സർ, തിർച്ചയായിട്ടും ദേവസ്വത്തിന്റെ വകയായിരുന്നു മിക്കവാറും എല്ലാ ഭൂമികളും. അതൊക്കെ അന്യാധീനപ്പെട്ടുപോയി. ഭൂപരിഷ്കരണ നിയമത്തിന്റെയൊക്കെ ഭാഗമായി കുറേയേറെ ഭൂമി നഷ്ടപ്പെട്ടിട്ടുണ്ട്. അതുകൊണ്ടാണ് ക്ഷേത്രങ്ങൾ പലതും ഇന്ന് നിത്യനിദാന ചെലവുകൾക്കുപോലും ശേഷിയില്ലാതെ പരാധീന അവസ്ഥയിൽ കിടക്കുന്നത്. എന്തായാലും ഈ കാര്യം വളരെ ഗൗരവമായിട്ടാണ് ഗവൺമെൻറ് എടുത്തിരിക്കുന്നത്. കയ്യേറ്റം തടയുന്നതിനുവേണ്ടിയുള്ള വളരെ ശക്തമായ നടപടികൾ ഗവൺമെൻറ് സ്വീകരിക്കുകയാണ്. മലബാറിലെ ക്ഷേത്രങ്ങളെയും ഗുരുവായൂർ കൊച്ചിൻ ദേവസ്വം ബോർഡുകൾ, തിരുവിതാംകൂർ ദേവസ്വം ബോർഡ്, കൂടൽമാണിക്യം ദേവസ്വം ബോർഡ് തുടങ്ങിയവയിലൊക്കെത്തന്നെ ഭൂമി തിരിച്ചെടുക്കുന്നതിനുവേണ്ടിയുള്ള ശക്തമായ നടപടികളാണ് സ്വീകരിക്കുന്നത്. അതനുസരിച്ചുള്ള നടപടിക്രമങ്ങൾ തുടങ്ങുകയാണ്. മലബാറിൽത്തന്നെ ദേവസ്വം ഭൂമി അതിരുതിരിച്ച് കെട്ടുന്നതിനുവേണ്ടി ഒരു കോടി രൂപയോളം ഈ വർഷം ഗവൺമെൻറ് കൊടുത്തു കഴിഞ്ഞിരിക്കുകയാണ്. തിരുവിതാംകൂർ ദേവസ്വം ബോർഡിനേറയും കൊച്ചിൻ ദേവസ്വം ബോർഡിനേറയും അധീനതയിലുള്ള നിലവിലുള്ള ദേവസ്വം ഭൂമി നഷ്ടപ്പെടാതിരിക്കുന്നതിനുവേണ്ടിയിട്ടുള്ള നടപടികൾ സ്വീകരിക്കുവാൻ ശക്തമായ നിർദ്ദേശം ഗവൺമെൻറ് നൽകിക്കഴിഞ്ഞിട്ടുണ്ട്. അതേ സമയം അന്യാധീനപ്പെട്ട ഭൂമി വീണ്ടെടുക്കുവാനുള്ള ശ്രമവും ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്.

മി. സ്പീക്കർ: തിരിച്ചെടുത്ത സ്ഥലങ്ങൾ വേണ്ടവിധം പ്രയോജനപ്പെടുത്താൻ ചില പദ്ധതികൾ ഉണ്ടാക്കണം.

ശ്രീ. കെ. സി. വേണുഗോപാൽ: തിർച്ചയായിട്ടും നടപ്പിലാക്കുന്നുണ്ട്. ക്ഷേത്രങ്ങളിൽ അത്തരം പദ്ധതികൾ നടപ്പിലാക്കുന്ന കാര്യത്തിലും ക്ഷേത്രനവീകരണത്തിന്റെ കാര്യത്തിലും കേരളത്തിലിന്നോളം കാണാത്ത ഉൽസാഹം കണ്ടുവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എ. ചന്ദ്രൻ: സർ, കേരളത്തിലുള്ള അമ്പലങ്ങളിൽ വരുമാനത്തിന്റെ കാര്യത്തിൽ മുൻപന്തിയിൽ നിൽക്കുന്നത് ശബരിമല, ഗുരുവായൂർ തുടങ്ങി ഏതാനും അമ്പലങ്ങളാണ്. മറ്റു മിക്കവാറും അമ്പലങ്ങളിൽ അവയുടെ നിലവിലുള്ള മൂലധനത്തിന് മുഖേനയുള്ള വരുമാനം കാലക്രമേണ ഇല്ലാതായതുകൊണ്ടും മറ്റു നിലയ്ക്ക് പരിരക്ഷ കിട്ടാതെ വന്നതുകൊണ്ടും പൂജകൾ നിലച്ചിരുന്നു. ഈ അമ്പലങ്ങളിൽ സ്വത്തെന്നു പറയുന്നത് വിശ്വാസികളിൽനിന്നും ലഭിക്കുന്ന വരുമാനമാണ്. ഇങ്ങനെ ലഭിക്കുന്ന വരുമാനം, ഭാരതീയ സംസ്കാരത്തിന്റെ പൈതൃകമായ ഈ അമ്പലങ്ങളെ ഒന്നിപ്പിച്ചു നിർത്താനുള്ളതാണെന്നുള്ള ബോധവൽകരണത്തിനും ജീർണ്ണിച്ച അമ്പലങ്ങളെ സംരക്ഷിക്കുന്നതിനുമായി വിനിയോഗിക്കുവാൻ ആവശ്യമായ നടപടിയോ നിയമനിർമ്മാണമോ ഉണ്ടാകുമോ?

ശ്രീ. കെ. സി. വേണുഗോപാൽ: സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ച കാര്യം തന്നെ ഗവൺമെന്റിന്റെ മുന്നിലുണ്ട്. നമ്മുടെ ക്ഷേത്രങ്ങളും, കാവുകളും ഇവയൊക്കെത്തന്നെ പുനരുദ്ധരിച്ചുകൊണ്ട് ഭാരത സംസ്കാരത്തിന് യോജിച്ച രീതിയിൽ നല്ല ഒരു അന്തരീക്ഷം, മതസൗഹാർദ്ദം കെട്ടിപ്പടുക്കുന്നതിനുള്ള അന്തരീക്ഷം ഉണ്ടാക്കേണ്ടതാണ്. ക്ഷേത്രാങ്കണങ്ങൾ വിശ്വാസികളെ സംബന്ധിച്ചിടത്തോളം എല്ലാവരേയും സ്നേഹിക്കുന്നതിനു വേണ്ടിയുള്ള കേന്ദ്രങ്ങളായിരിക്കണമെന്നുള്ള ലക്ഷ്യത്തോടുകൂടിത്തന്നെയാണ് ഗവൺമെന്റ് ഈ രംഗത്തുള്ള പരിപാടികൾ തയ്യാറാക്കി വരുന്നത്.

ശ്രീ. പി. നാരായണൻ: സർ, ബഹുമാനപ്പെട്ട ദേവസ്വം ബോർഡ് മന്ത്രി അധികാരത്തിൽ വന്നതിനുശേഷം അദ്ദേഹം ഇടപെട്ട് അന്യാധീനപ്പെട്ട കുറേ ഭൂമി തിരിച്ചുപിടിച്ചിട്ടുണ്ട്. എന്നാൽ ഇനി കുറെ സ്ഥലങ്ങൾ തിരിച്ചുപിടിക്കുവാനുമുണ്ട്. അങ്ങനെ തിരിച്ചുപിടിച്ച ഭൂമിയും തിരിച്ചു പിടിക്കുവാനുള്ള ഭൂമിയും, ആ ഭൂമിക്ക് അനുയോജ്യമായ രൂപത്തിൽ, ബോർഡിന് വരുമാനമുണ്ടാക്കുന്ന രൂപത്തിൽ വിനിയോഗിച്ച് ഷോപ്പിംഗ് കോംപ്ലക്സ് ഉൾപ്പെടെയുള്ള കെട്ടിടങ്ങൾ പണിയുന്നതിനും ബോർഡിന് വരുമാനം ഉണ്ടാക്കുന്നതിനുംവേണ്ടി ബഹുമാനപ്പെട്ട മന്ത്രി പരിശ്രമിക്കുമോ?

ശ്രീ. കെ. സി. വേണുഗോപാൽ: തിരിച്ചുപിടിച്ച ഭൂമിയെ സംബന്ധിച്ച് എന്തു ചെയ്യണമെന്നുള്ള കാര്യം തീരുമാനിക്കുന്നത് ദേവസ്വം ബോർഡാണ്. തിരുവിതാംകൂർ ദേവസ്വം ബോർഡ് ആയാലും കൊച്ചിൻ ദേവസ്വം ബോർഡായാലും സ്വതന്ത്ര അധികാരങ്ങളുള്ള ബോർഡുകളാണ്. വൻകിട ഷോപ്പിംഗ് കോംപ്ലക്സുകളൊക്കെ കെട്ടുക എന്നു പറയുന്നത് ആലോചിച്ചു തീരുമാനിക്കേണ്ട കാര്യങ്ങളാണ്. കാരണം പല ക്ഷേത്രങ്ങളുടെയും അന്യാധീനപ്പെട്ടുപോയ ഭൂമികൾ പലതും വനപ്രദേശങ്ങളാണ്. അതൊക്കെ നശിപ്പിച്ച് അവിടെ കെട്ടിടങ്ങൾ ഉണ്ടാക്കുന്നത് പരിസ്ഥിതിയെ സംബന്ധിച്ച് ദോഷം ചെയ്യും. എന്തായാലും ഈ കാര്യത്തിൽ ഗവൺമെന്റിന് വ്യക്തമായ ഒരു നിർദ്ദേശം കൊടുക്കുവാൻ കഴിയുകയില്ല.

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: സർ, 78 ഏക്കറോളം ഭൂമിയാണ് അന്യാധീനപ്പെട്ടുപോയതെന്നും മൂന്ന് ഏക്കറോളം ഭൂമി തിരിച്ചുപിടിക്കുവാൻ കഴിഞ്ഞെന്നും അങ്ങ് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. എനിക്ക് ചോദിക്കുവാനുള്ളത്, കേന്ദ്രന്മാരുടെ സഹായത്തോടെയും സഹകരണത്തോടുംകൂടി ഇതിനെല്ലാം ചുറ്റുമതിലുകൾ കെട്ടിത്തിരിച്ച് സംരക്ഷിക്കുന്നതിനുവേണ്ടി നടപടി സ്വീകരിക്കുമോ എന്നാണ്. മുമ്പ് ശ്രീ. കടവൂർ ശിവദാസൻ വനം മന്ത്രിയായിരുന്നപ്പോൾ കാവുകൾ സംരക്ഷിക്കുന്നതിനുവേണ്ടി

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെൻറ് തന്നെ എയ്ഡ് കൊടുത്തിരുന്നു. അങ്ങനെ എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ച് ഇതെല്ലാം ചുറ്റുമതിലുകൾ കെട്ടി സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. കെ. സി. വേണുഗോപാൽ: സർ, തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള 18 ഗ്രൂപ്പുകളുടെ അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാരുടെ ചുമതലയിൽ അതാത് ഗ്രൂപ്പിലെ ദേവസ്വങ്ങളുടെമേൽ ഉണ്ടായിട്ടുള്ള കയ്യേറ്റങ്ങൾ അവസാനിപ്പിക്കുവാനും ഒഴിപ്പിക്കുവാനും അടമാനം വാങ്ങി സുരക്ഷിതമാക്കുവാനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മൂന്ന് ഹൈക്കോടതി നമുക്ക് കിട്ടിയിട്ടുണ്ട്. ബാക്കിയുള്ളതിന്റെ നടപടി പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. പലതും ജില്ലാ കളക്ടർക്ക് കൊടുത്തു കഴിഞ്ഞിട്ടുണ്ട്. പലതും മറ്റു രീതിയിലുള്ള നടപടികളുമായി മുന്നോട്ടു പോകുകയാണ്. ചിലത് തിരിച്ചുപിടിക്കുന്നതിനുവേണ്ടി കോടതിയുടെ മുമ്പിൽ നമ്മൾ പോയിരിക്കുകയാണ്. ഇക്കാര്യത്തിൽ വളരെ ശക്തമായ നടപടിയാണ് ഗവൺമെൻറ് സ്വീകരിക്കുവാൻ ആഗ്രഹിക്കുന്നത്. മാത്രമല്ല നിയമജ്ഞന്മാരുടെ സഹായവും ഇക്കാര്യത്തിൽ ഗവൺമെൻറ് തേടുന്നു.

ശ്രീ. കെ. വി. കുഞ്ഞിരാമൻ: സർ, പൊതുവേ ദരിദ്ര പിന്നോക്കാവസ്ഥയുള്ള പ്രദേശങ്ങളാണ് കാസർകോട്, കണ്ണൂർ ജില്ലകൾ. അവിടത്തെ ക്ഷേത്രങ്ങളും കാവുകളും ദൈവങ്ങളുമെല്ലാം ദരിദ്രാവസ്ഥയിൽ നിൽക്കുകയാണ്. മലബാർ ദേവസ്വം ബില്ല് എത്രയോ വർഷങ്ങളായി പരിഗണനപൂർത്തിയാക്കാതെ കിടക്കുകയാണ്. സാങ്കൽപ്പികമായിത്തന്നെ കിടക്കുന്നു. മലബാർ ദേവസ്വം ബില്ല് പാസ്സാക്കി എടുക്കുകയും മലബാറിലെ ഈ ക്ഷേത്രങ്ങളിലെ ദരിദ്രാവസ്ഥ പരിഹരിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്യണം. അതോടൊപ്പം നിത്യനിദാന ചെലവുകൾക്കു വകയില്ലാത്ത ക്ഷേത്രങ്ങളും കാവുകളും സമുദ്ധരിക്കുവാൻ ഒരു പ്രത്യേക പാക്കേജ് അങ്ങ് തയ്യാറാക്കുമോ?

ശ്രീ. കെ. സി. വേണുഗോപാൽ: സർ, മലബാറിലെ കാവുകളെ സംബന്ധിച്ചിടത്തോളം നിർണ്ണായകമായ നടപടികൾ ഈ ഗവൺമെൻറ് സ്വീകരിച്ചു കഴിഞ്ഞിട്ടുണ്ട്. അദ്ദേഹത്തിന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട ആളുകളടക്കമുള്ള, വളരെ പാവപ്പെട്ട യാതൊരുവിധ ശേഷിയുമില്ലാത്ത, മലബാറിലെ കാവുകളിൽ ജോലി ചെയ്യുന്ന അന്തിത്തിരിയൻമാർ, ആചാര സ്ഥാനത്ത് ഇരിക്കുന്നവർ ഇവർക്കൊക്കെ മാസം 575 രൂപ വച്ച് വരുമാനം ഉണ്ടാകത്തക്ക വിധത്തിലുള്ള സ്കീമുകൾ ഗവൺമെൻറ് നടപ്പാക്കിക്കഴിഞ്ഞു. കാവുകൾ വളരെ പ്രത്യേകതയുള്ളവയാണ്. ദേവസ്വവും ടൂറിസവും വകുപ്പുകളുടെ സംയുക്തമായ ആഭിമുഖ്യത്തിൽ തീർത്ഥാടന ടൂറിസവുമായി ബന്ധപ്പെടുത്തി കാവുകളുടെ പുനരുദ്ധാരണത്തിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

ശ്രീ. വി. ഡി. സതീശൻ: സർ, തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ പരിധിയിൽപ്പെട്ട പ്രദേശങ്ങളിലും മറ്റ് പ്രദേശങ്ങളിലും ഒരുപാട് ക്ഷേത്രഭൂമി കഴിഞ്ഞ കുറേ വർഷങ്ങളായി സ്വകാര്യ വ്യക്തികൾ അന്യാധീനപ്പെടുത്തിയിട്ടുണ്ട്. അത് തിരിച്ചു പിടിക്കുക എന്നുള്ളത് ഒരു ലളിതമായ പ്രക്രിയ അല്ല; മറിച്ച്, റീസർവ്വേ നടത്തുകയും പഴയ ആധാരങ്ങൾ കണ്ടുപിടിക്കുകയും പഴയ രേഖകൾ കണ്ടുപിടിക്കുകയും വ്യവഹാരങ്ങൾ നടത്തുകയും ചെയ്യുന്ന സങ്കീർണ്ണമായ ഒരു പ്രക്രിയയാണ്. ഇക്കാര്യത്തിൽ ദേവസ്വം ബോർഡുകളെ സംരക്ഷിക്കാനും ദേവസ്വം വകുപ്പിന്റെ നേരിട്ടുള്ള

LIBRARY ARCHIVES Kerala Legislative Assembly

നിയന്ത്രണത്തിലുള്ള മലബാറിലെ ക്ഷേത്രഭൂമി നഷ്ടപ്പെടാതെ തിരിച്ച് പിടിക്കാനും പ്രത്യേകമായ ഒരു സംവിധാനം ദേവസ്വം വകുപ്പിന്റെ കീഴിൽ ഇതുമായി ബന്ധപ്പെട്ട് തുടങ്ങുന്ന കാര്യം ഗവൺമെന്റ് ഗൗരവമായി പരിഗണിക്കുമോ?

ശ്രീ. കെ. സി. വേണുഗോപാൽ: തീർച്ചയായും ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ഗൗരവമായ കാര്യമായി തന്നെയാണ് ഗവൺമെന്റ് കാണുന്നത്. കാരണം തിരുവിതാംകൂർ ദേവസ്വം ബോർഡിനെ സംബന്ധിച്ചിടത്തോളം കൃത്യമായ കണക്ക് ഉണ്ട്. അതിന്റെ ഡീറ്റെയിൽസ് ഞാൻ വായിക്കുന്നില്ല. ഓരോ ക്ഷേത്രങ്ങളിലേയും അന്യാധീനപ്പെട്ടുപോയ ഭൂമിയുടെ കണക്കും മറ്റുമുണ്ട്. അതനുസരിച്ച് ഈ ഭൂമിയുമായി ബന്ധപ്പെട്ട് ചില നടപടി ക്രമങ്ങൾ തിരുവിതാംകൂർ ദേവസ്വം ബോർഡ് തന്നെ എടുത്തിട്ടുണ്ട്. നിയമപരമായ നടപടി സ്വീകരിക്കുമ്പോൾ ജില്ലാ കളക്ടർ മുഖേനയുള്ള അക്വിസിഷൻ നടപടികൾക്കും ഗവൺമെന്റ് സാദ്ധ്യമായ എല്ലാ സഹായങ്ങളും ചെയ്യുന്നുണ്ട്. ഇതിന് പ്രത്യേക സംവിധാനം വേണമെന്ന് ദേവസ്വം ബോർഡ് ആവശ്യപ്പെട്ടാൽ ഗവൺമെന്റ് അതിനെക്കുറിച്ച് ആലോചിക്കും. മലബാറിലെ ദേവസ്വം വകുപ്പിന്റെ സ്ഥലങ്ങളിലെ കയ്യേറ്റത്തെക്കുറിച്ച് അന്വേഷിക്കുന്നതിനുവേണ്ടി കമ്മീഷണർ റാങ്കിലുള്ള ഒരു ഉദ്യോഗസ്ഥനെ സ്പെഷ്യൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്. അതിന്റെ കീഴിൽ തന്നെ വിവിധ മേഖലകളിൽ തഹസിൽദാറായിരുന്ന ആളുകളെ നിയോഗിച്ചിട്ടുണ്ട്. മാത്രമല്ല, നിലവിലുള്ള ഭൂമി ചുറ്റുമതിൽകെട്ടി സംരക്ഷിക്കുന്നതിനുള്ള ഒരു സ്കീം തയ്യാറാക്കി 1 ലക്ഷം രൂപ മലബാർ ദേവസ്വത്തിന് കൊടുത്തിട്ടുണ്ട്. ഇക്കാര്യത്തിൽ വളരെ ശക്തമായ നടപടികളാണ് ഗവൺമെന്റ് സ്വീകരിച്ചു കൊണ്ടിരിക്കുന്നത്.

ശ്രീ. എ. എ. അസീസ്: സർ, തിരുവിതാംകൂർ ദേവസ്വം ബോർഡിനേറയും അതിനോടനുബന്ധിച്ചുള്ള ക്ഷേത്രങ്ങളുടേയും ഭൂമി വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കാനും സാംസ്കാരിക സ്ഥാപനങ്ങൾ ആരംഭിക്കാനും ദേവസ്വം ബോർഡുതന്നെ വിട്ടു കൊടുത്തിട്ടുണ്ട്. അതിന്റെ കണക്ക് എടുത്തിട്ടുണ്ടോ; ഏതെല്ലാം സ്ഥാപനങ്ങൾക്കുവേണ്ടിയാണ് ഭൂമി വിട്ടുകൊടുത്തിട്ടുള്ളത് എന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. സി. വേണുഗോപാൽ: വ്യക്തമായ ചോദ്യത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ മറുപടി പറയാൻ കഴിയുകയുള്ളൂ. ഗവൺമെന്റിന്റെ കയ്യിൽ ഇപ്പോൾ കൃത്യമായ കണക്കില്ല.

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, അന്യാധീനപ്പെട്ട ദേവസ്വം വസ്തുക്കൾ തിരിച്ചു പിടിക്കാനുള്ള ഗവൺമെന്റിന്റേറയും മന്ത്രിയുടേയും ശ്രമത്തെ പ്രശംസിക്കുകയാണ്. കൂടൽമാണിക്യം ദേവസ്വത്തിന് ഏകദേശം തൊള്ളായിരത്തോളം ഏക്കർ ഭൂമിയുണ്ടായിരുന്നു. ഇപ്പോൾ കഷ്ടിച്ച് ഏതാണ്ട് എഴുപതോളം ഏക്കറേയുള്ളൂ. തിരിച്ചു പിടിക്കുന്ന സ്ഥലം ഫലപ്രദമായി ഉപയോഗിക്കുക, എന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യമാണ്. ഇൻഡ്യയിൽ ഏറ്റവുമധികം തീർത്ഥാടകർ വരുന്ന ഒരു സ്ഥലമാണ് ശബരിമല. ശബരിമലയിൽ തീർത്ഥാടകർക്കുള്ള സൗകര്യങ്ങൾ ഒരുക്കുന്നതിന് ദീർഘകാലാടിസ്ഥാനത്തിൽ എന്തെങ്കിലും പ്ലാനോ പദ്ധതിയോ തയ്യാറാക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. സി. വേണുഗോപാൽ: ശബരിമല വികസനം സംബന്ധിച്ച് വളരെ വ്യക്തവും ശക്തവുമായ നടപടികളാണ് ഗവൺമെന്റ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്. ശബരിമല ഒരു കാനന ക്ഷേത്രമാണ്. അതുകൊണ്ടുതന്നെ അതിന്റെ പവിത്രത സംരക്ഷിച്ചുകൊണ്ട് കേന്ദ്രർക്ക് പരമാവധി സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുന്നതിന് വേണ്ടി ദീർഘ കാലാടിസ്ഥാനത്തിലും ഹ്രസ്വകാലാടിസ്ഥാനത്തിലുമുള്ള പദ്ധതികൾ നിലവിലുണ്ട്. ഹ്രസ്വകാലാടിസ്ഥാനത്തിലുള്ള കാര്യങ്ങൾ ഈ സീസണിനു മുമ്പുതന്നെ ചെയ്യുന്നതാണ്. ദീർഘകാലാടിസ്ഥാനത്തിൽ ഒരു വിശദമായ പഠനം നടത്തിക്കഴിഞ്ഞിട്ടുണ്ട്. നിലയ്ക്കൽ ബേസ് ക്യാമ്പാക്കി ഡെവലപ് ചെയ്ത്, ശബരിമലയിലേയ്ക്കുള്ള എല്ലാ തീർത്ഥാടകരേയും അവിടെ ഇറക്കിയശേഷം അവിടെനിന്ന് 'കെ. എസ്. ആർ. ടി. സി._യുടെ ബസ്സ് സർവ്വീസ് ഏർപ്പെടുത്തിക്കൊണ്ട് അവരെ പമ്പയിലേക്ക് കൊണ്ടുപോകാനുള്ള വികസന പദ്ധതിയാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. ഇതിലേക്കുള്ള വിശദമായ മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ 'ഇക്കോ സ്മാർട്ട്' എന്ന സ്ഥാപനത്തെ നിയോഗിച്ചിട്ടുണ്ട്. അവരുടെ റിപ്പോർട്ട് കിട്ടുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങളുമായി മുന്നോട്ട് പോകുന്നതാണ്.

ശ്രീ. എ. സി. ഷൺമുഖദാസ്: സർ, അനധികൃതമായ ദൈവവിശ്വാസികളല്ലാത്തവരെ ക്ഷേത്രങ്ങളിലേക്ക് ആകർഷിച്ചിരുന്നത് ക്ഷേത്രങ്ങളോടനുബന്ധമായുള്ള വൻ മരങ്ങളാണ്. ഹോളി ട്രീസ് എന്നു പറയുന്ന വൻ മരങ്ങളാണവ. അവയൊക്കെ നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഇന്ന് അന്താരാഷ്ട്ര അടിസ്ഥാനത്തിൽ ഹെർബൽ ട്രീസിനും ഹെർബൽ പ്ലാന്റേഴ്സിനും വ്യാപാര രംഗത്ത് സാദ്ധ്യതയുള്ളതുകൊണ്ട് തിരുവിതാംകൂർ, കൊച്ചി ദേവസ്വം ബോർഡുകളും മലബാറിലെ എച്ച്. ആർ. ആൻഡ് സി. ഇ. കമ്മീഷനും സോഷ്യൽ ഫോറസ്ട്രിയുമായി ബന്ധപ്പെട്ടുകൊണ്ട് ഇത്തരം മരങ്ങൾ വച്ചുപിടിപ്പിച്ച് പ്രകൃതി സംരക്ഷണത്തിനുകൂടി പ്രയോജനപ്പെടുന്ന രീതിയിലുള്ള ഒരു പദ്ധതി ആവിഷ്കരിക്കുമോ? ദേവസ്വം ബോർഡിന് ഗവൺമെന്റ് ഓഫ് ഇന്ത്യയിൽനിന്ന് സാമ്പത്തികമായി സഹായം കിട്ടാൻ ഇത്തരം പദ്ധതികൾ പ്രയോജനപ്പെടുത്തിക്കൂടേ?

ശ്രീ. കെ.സി. വേണുഗോപാൽ: തീർച്ചയായും, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് വളരെ പ്രസക്തമായ ഒരു കാര്യമാണ്. തിരുവിതാംകൂർ ദേവസ്വം ബോർഡ് അതിനുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. നമ്മുടെ ക്ഷേത്ര ഭൂമിയിൽ വനവൽക്കരണത്തിനുള്ള വിപുലമായ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. അതിനുള്ള നടപടികളുമായി മുന്നോട്ടു പോവുകയാണ്. മലബാറിലെ ക്ഷേത്രങ്ങളിൽ വനഭൂമിയുണ്ട്. ആ ക്ഷേത്രങ്ങളിൽ കൂടുതൽ മരങ്ങൾ വച്ചുപിടിപ്പിക്കുന്നതിനും അത് കേന്ദ്രത്തിന്റെ മുമ്പിൽ ഒരു പ്രോജക്ടായി സമർപ്പിക്കുന്നതിനും വേണ്ടി വനം വകുപ്പിന്റെ സഹായത്തോടുകൂടി പദ്ധതി തയ്യാറാക്കുന്ന കാര്യം ഗവൺമെന്റ് ആലോചിക്കുന്നതാണ്.

ശ്രീ. എ. കെ. മണി: സർ, തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ളതാണ് ദേവികുളം അയ്യപ്പസ്വാമി ക്ഷേത്രം. അത് അന്യാധീനപ്പെട്ടുകൊണ്ടിരിക്കുകയാണ്. അമ്പലത്തിനു ചുറ്റിലുമുള്ള ഭൂമിയിൽ ആളുകൾ കയ്യേറിക്കൊണ്ടിരിക്കുകയാണ്. ഇത് ഞാൻ പലപ്പോഴും ദേവസ്വം ബോർഡിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതാണ്, മന്ത്രിയോട് പറഞ്ഞിട്ടുള്ളതാണ്. അന്യാധീനപ്പെട്ട ഭൂമി ഏറ്റെടുക്കണം. ഈ ക്ഷേത്രം

LIBRARY ARCHIVES Kerala Legislative Assembly

തിരുവിതാംകൂർ മഹാരാജാവിന്റെ കാലത്ത് നിർമ്മിക്കപ്പെട്ടിട്ടുള്ളതാണ്. അത് മാറ്റി സ്ഥാപിക്കാനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുമോ?

ശ്രീ. കെ. സി. വേണുഗോപാൽ: ബഹുമാനപ്പെട്ട അംഗം പറഞ്ഞ കാര്യം തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്. ആവശ്യമായ നടപടികളും സ്വീകരിക്കണമെന്ന് ആവശ്യപ്പെടാം.

ശ്രീ. എം. വി. ജയരാജൻ: സർ, തിരുവിതാംകൂർ ദേവസ്വം ബോർഡ് ഉൾപ്പെടെയുള്ള ദേവസ്വം വക സ്വത്തുക്കളും തീർച്ചയായും ക്ഷേത്രത്തിന്റെ പുനരുദ്ധാരണത്തിനും നവീകരണത്തിനുമായി ഉപയോഗപ്പെടുത്തേണ്ടതാണ്. ഭൂമി അന്യാധീനപ്പെടുന്നതുപോലെ തന്നെ ക്ഷേത്രം വക സ്വത്തുക്കളും കൃത്യമായി പരിപാലിച്ചു പോരുന്നില്ല എന്നും ക്ഷേത്ര ഭരണം കൈകാര്യം ചെയ്യുന്ന ആളുകളുടെ കെടുകാര്യസ്ഥതയും അഴിമതിയുംമൂലം ക്ഷേത്രങ്ങളിൽ വിനിയോഗിക്കേണ്ട തുക വിനിയോഗിക്കപ്പെടാതെ പോകുന്നു എന്നുമുള്ള പ്രശ്നങ്ങളുടെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ സമഗ്രമായ ഒരു അന്വേഷണം നടത്തുന്നതോടൊപ്പം ഏതെങ്കിലും ഉത്തരവാദപ്പെട്ട ഒരു കമ്മിറ്റിയെ നിയോഗിച്ച് ഈ വിഷയത്തിൻമേൽ പഠനം നടത്തി ഈ വരുമാനം എങ്ങനെ വിനിയോഗിക്കാമെന്നതിന് ഒരു സംവിധാനം ഏർപ്പെടുത്തുന്ന കാര്യം ആലോചിക്കുമോ?

ശ്രീ. കെ. സി. വേണുഗോപാൽ: തിരുവിതാംകൂർ, കൊച്ചി ദേവസ്വം ബോർഡുകൾ സ്വതന്ത്ര പദവിയുള്ളവയാണ്. ക്ഷേത്രങ്ങളുടെ കാര്യത്തിൽ ഗവൺമെന്റിന് റിവ്യൂ പവർ പോലുമില്ല. ഗുരുവായൂർ, മലബാർ ദേവസ്വങ്ങളുടെ കാര്യത്തിലാണ് ഗവൺമെന്റിന് നേരിട്ട് ഒരു ഇൻവോൾവ്മെന്റുള്ളത്. മലബാറിനെ സംബന്ധിച്ചിടത്തോളം ഇക്കാര്യത്തിൽ ശക്തമായ നടപടികളാണ് സ്വീകരിക്കുന്നത്. ക്ഷേത്ര വരുമാനത്തിന്റെ കൃത്യമായ കണക്ക് എച്ച്. ആർ. ആൻഡ് സി. ഇ.-യ്ക്ക് നൽകാത്ത ക്ഷേത്രങ്ങളെ കണ്ടുപിടിച്ച് അവയ്ക്കെതിരെ ശക്തമായ നടപടി സ്വീകരിച്ചിട്ടുണ്ട്. അതിന്റെ ഫലമായി മലബാറിൽ ഇപ്രാവശ്യം വരുമാനം കൂടിയിട്ടുണ്ട്. അങ്ങ് സൂചിപ്പിച്ചതുപോലെ വ്യാപകമായ പരാതികളൊന്നും ശ്രദ്ധയിൽപെട്ടിട്ടില്ല. പക്ഷേ ഒറ്റപ്പെട്ട സ്ഥലങ്ങളിൽ ഇത് ഉണ്ടാകുന്നു എന്നുള്ളത് ശരിയാണെന്ന് എനിക്കറിയാം. ക്ഷേത്ര സ്വത്തുക്കളും മറ്റും കൈകാര്യം ചെയ്യുന്നതിൽ ചില ഭാഗങ്ങളിൽ പാകപ്പിഴകളും വന്നിട്ടുണ്ട്. ക്ഷേത്രങ്ങളിലെ ഇന്നത്തെ സംവിധാനം ഉപയോഗിച്ചുതന്നെ ക്ഷേത്രം വക ഭൂമിയോ സ്വത്തുക്കളോ മിസ്യൂസ് ചെയ്യുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടാൽ ശക്തമായ നടപടികളും സ്വീകരിച്ചു വരുന്നുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ വരുമാനം വർദ്ധിച്ചുവരുന്നു എന്നുള്ള കാര്യം സഭയെ ഞാൻ അറിയിക്കുകയാണ്.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ: സർ, ഏതാണ്ട് മുപ്പത് വർഷക്കാലങ്ങൾക്കുമുമ്പുവരെ തിരുവിതാംകൂർ മഹാരാജാവിന്റെ പ്രതിപുരുഷൻ നേരിട്ട് ഭരിച്ചിരുന്ന ഇരിങ്ങാലക്കുട കൂടൽമാണിക്യം ക്ഷേത്രം വക എത്ര ഏക്കർ ഭൂമി അന്യാധീനപ്പെട്ടുപോയി എന്ന് അറിയാൻ താൽപര്യമുണ്ട്. അതോടൊപ്പം ഈ അടുത്തകാലത്ത് ഇരിങ്ങാലക്കുടയിൽ മിനി സിവിൽ സ്റ്റേഷൻ പ്രവർത്തനക്ഷമമായതോടെ അവിടേക്ക് കോടതി, തഹസിൽദാരുടെ ഓഫീസ് തുടങ്ങിയ പല സ്ഥാപനങ്ങളും മാറിക്കൊണ്ടിരിക്കുകയാണ്. ഇരിങ്ങാലക്കുട കൂടൽമാണിക്യം ക്ഷേത്രം ലീസിന് കൊടുത്ത ഭൂമിയിലെ കെട്ടിടങ്ങളിലാണ് ഈ സ്ഥാപനങ്ങളും മുമ്പ് പ്രവർത്തിച്ചിരുന്നത്. ഇപ്പോൾ ഈ സ്ഥാപനങ്ങളും മിനി സിവിൽ സ്റ്റേഷനിലേക്ക് മാറിയ സാഹചര്യത്തിൽ അത്

LIBRARY ARCHIVES Kerala Legislative Assembly

തിരിച്ചുവാങ്ങി തീർത്ഥാടക ടൂറിസവുമായി ബന്ധപ്പെട്ട് ഇരിങ്ങാലക്കുട കൂടൽമാണിക്യം ക്ഷേത്രത്തിന്റെ പുരോഗതിയ്ക്കാവശ്യമായ അടിയന്തിര നടപടികളും സ്വീകരിക്കുമോ?

ശ്രീ. കെ. സി. വേണുഗോപാൽ: ഇരിങ്ങാലക്കുട കൂടൽമാണിക്യം ദേവസ്വത്തിന്റെ കീഴിൽ ആകെയുണ്ടായിരുന്നത് 5642.53 ഏക്കർ ഭൂമിയാണ്. അതിൽ 5504.46 ഏക്കർ ഭൂമി ഭൂപരിഷ്കരണ നിയമം വന്നതിനു ശേഷം കുടിയാൻമാരുടെ കൈയിലാണ്. ഇതു സംബന്ധിച്ച് ചില കേസുകളും നിലവിലുണ്ട്. ഇപ്പോൾ കൂടൽമാണിക്യം ദേവസ്വത്തിന്റെ കീഴിലുള്ള 66.10 ഏക്കർ ഭൂമിയിൽ 17.83 ഏക്കർ ഭൂമി കായലും 2.57 ഏക്കർ ഭൂമിയിൽ സർക്കാർ സ്ഥാപനങ്ങളും പ്രവർത്തിച്ചു വരുന്നതും 1.30 ഏക്കർ ഭൂമി അന്യ കൈവശത്തിലുമാണ്. ഒരു സർവേയറെവെച്ച് ഈ ദേവസ്വത്തിന്റെ കൈവശമുള്ള ഭൂമിയുടെ കണക്ക് തിട്ടപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. സിവിൽ സ്റ്റേഷൻ കോംപ്ലക്സ് വരുമ്പോൾ സർക്കാർ സ്ഥാപനങ്ങളും പലതും അങ്ങോട്ട് മാറുന്ന അവസരത്തിൽ ആ ഭൂമി തിരിച്ചുപിടിച്ച് ദേവസ്വത്തിന്റേതാക്കി മാറ്റാൻ ആവശ്യമായ നടപടികളും സ്വീകരിക്കുന്നതാണ്.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: വ്യത്യസ്ത ദേവസ്വം ബോർഡുകളുടേയും അതുപോലെ ദേവസ്വം വകുപ്പിന്റേയും കീഴിലുള്ള ഭൂമി ഒരു കാരണവശാലും അനുവദിക്കാൻ പാടില്ലാത്ത കായിക പരിശീലനത്തിനും ആയുധ പരിശീലനത്തിനും ഉപയോഗിക്കുന്നതായിട്ടുള്ള വ്യാപകമായിട്ടുള്ള ആക്ഷേപങ്ങളും പ്രത്യേകിച്ച് മലബാർ മേഖലയിൽ ഉണ്ടാകുകയാണ്. ഇവ തടയുന്നതിനുവേണ്ടി ദേവസ്വം വകുപ്പിന്റെ കീഴിലുള്ളതും ദേവസ്വം ബോർഡുകളുടെ കീഴിലുള്ളതുമായിട്ടുള്ള ക്ഷേത്രങ്ങളിൽ കായിക ആയുധ പരിശീലനം നിരോധിക്കുന്നതിനുള്ള നിലപാട് ഗവൺമെന്റ് സ്വീകരിക്കുമോ? അതു സംബന്ധിച്ച് എന്തെങ്കിലും നടപടികളും ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. കെ. സി. വേണുഗോപാൽ: കായിക പരിശീലനവും, ആയുധ പരിശീലനവും ക്ഷേത്രങ്ങളിൽ നടത്താൻ അനുവാദമില്ല. ക്ഷേത്രങ്ങളും രാഷ്ട്രീയ ആവശ്യങ്ങൾക്കു വേണ്ടിയോ ഏതെങ്കിലും വിധ്വംസക പ്രവർത്തനത്തിനോ ഉപയോഗിക്കുന്ന കാര്യം അംഗീകരിക്കുന്ന പ്രശ്നമേയില്ല. ഇക്കാര്യത്തിൽ കർശനമായ നടപടി സ്വീകരിക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. ക്ഷേത്രം വിശ്വാസികളുടെ കൈയിലാണുള്ളത് എന്നുള്ള കാര്യത്തിൽ ഗവൺമെന്റ് ഉറച്ചുനിൽക്കുകയാണ്. ഇത്തരം പരിശീലനങ്ങൾക്കെതിരെ ശക്തമായ നടപടി ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

ശ്രീ. കെ. മോഹൻകുമാർ: ക്ഷേത്രാധീനതയിലുള്ള ഭൂമി പൂജാപുഷ്പങ്ങളുടെ കാര്യത്തിലെങ്കിലും സ്വയം പര്യാപ്തത കൈവരിക്കുന്നതിനു വേണ്ടി ഉപയോഗപ്പെടുത്തണം എന്ന് അഭ്യർത്ഥിക്കുന്നതോടൊപ്പം പുരാതനമായ കലാനൈപുണ്യത്തിന്റെ അഭിമാനസ്മാരകങ്ങളായ ക്ഷേത്രങ്ങളുടെ ദാരുശിൽപ്പങ്ങളും ചുവർചിത്രങ്ങളും ഇന്ന് അനാധീനപ്പെടുകയാണ്; ജീർണ്ണിച്ചുകൊണ്ടിരിക്കുകയാണ്; ഈ തലമുറയ്ക്കുതന്നെ അനാധീനമായി ജീർണ്ണിച്ചുകൊണ്ടിരിക്കുകയാണ്. ഒരു ശാസ്ത്രീയാടിസ്ഥാനത്തിലുള്ള പദ്ധതി തയ്യാറാക്കി വരും തലമുറയ്ക്കുവേണ്ടി ഈ ദാരുശിൽപ്പങ്ങളും ചുവർചിത്രങ്ങളും സംരക്ഷിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. സി. വേണുഗോപാൽ: തീർച്ചയായിട്ടും ഇക്കാര്യത്തിൽ ഗവൺമെന്റ് ഇപ്പോഴും തന്നെ നടപടി സ്വീകരിച്ചുവരുന്നുണ്ട്. നമ്മുടെ ക്ഷേത്രത്തിൽ അപൂർവ്വമായിട്ട് കാണാൻ കഴിയുന്ന ദാരുശിൽപ്പങ്ങളുണ്ട്. സഞ്ചാരികൾക്കുപോലും വിജ്ഞാനം പകരുന്ന ഏറെറവും വിസ്മയകരമായ ദാരുശിൽപ്പങ്ങൾ പല ക്ഷേത്രങ്ങളിലും ഉണ്ട്. അതൊക്കെ സംരക്ഷിക്കാനും സൗന്ദര്യവൽക്കരിക്കാനും വിനോദസഞ്ചാരികൾ പോലും ആകർഷിക്കപ്പെടത്തക്ക വിധത്തിൽ അവയെ മാറിയെടുക്കുന്നതിനു വേണ്ടിയുമുള്ള നടപടികൾ ഗവൺമെന്റ് ഇപ്പോൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. സി. ടി. അഹമ്മദ് അലി: സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലും ധാരാളം മഠങ്ങൾ ഉണ്ട്. പ്രത്യേകിച്ച് കാസർകോട് ചരിത്ര പ്രസിദ്ധമായ എഴണ്യാർശേരി കേശവാനന്ദ ഭാരതി സ്വാമിജി മഠം അതുപോലുള്ള ധാരാളം മഠങ്ങൾ നമ്മുടെ സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലും ഉണ്ട്. ആയിരക്കണക്കിന് തീർത്ഥാടകരാണ് ഓരോ ദിവസവും മഠങ്ങൾ സന്ദർശിക്കുന്നത്. അവർക്കുള്ള സൗജന്യ ഭക്ഷണത്തിനും മറ്റ് ചെലവുകൾക്കും വേറിച്ച സാമ്പത്തിക ബാദ്ധ്യത വരുന്നുണ്ട്. അതുപോലെ കാർഷിക പരിഷ്കരണം വന്നതോടുകൂടി ഈ മഠങ്ങളുടെ കൈവശമുണ്ടായിരുന്ന ഭൂമി മുഴുവൻ നഷ്ടപ്പെട്ടു പോയ സാഹചര്യത്തിൽ ഇവർ സാമ്പത്തികമായി വളരെ പ്രതിസന്ധിയിലാണ്. ബഹുമാനപ്പെട്ട മന്ത്രിക്കുതന്നെ ഇത് അറിയാവുന്നതുകൊണ്ട് ഇത്തരം മഠങ്ങളെ സംരക്ഷിക്കാനാവശ്യമായ പദ്ധതി തയ്യാറാക്കി നടപ്പാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. സി. വേണുഗോപാൽ: ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചത് വളരെ പ്രയാസമുള്ള കാര്യമാണ്. മഠങ്ങൾക്ക് ഇതിൽ വലിയ താൽപ്പര്യമില്ല. മലബാർ ദേവസ്വം ബോർഡ് ഉണ്ടാക്കിയപ്പോൾ ഏറെറവും കൂടുതൽ എതിർപ്പ് വന്നത് മഠങ്ങളുടെ ഭാഗത്തു നിന്നാണ്. അവ ഗവൺമെന്റ് ഏറെടുക്കാൻ പോകുന്നു എന്നുള്ള ആക്ഷേപം ഏറെറവും കൂടുതൽ വന്നത് മഠങ്ങളുടെ ഭാഗത്തുനിന്നാണ്. മഠങ്ങളുടെ ദൈനംദിന കാര്യങ്ങൾ നടത്താൻ അവർക്കുതന്നെ കഴിയും. ഗവൺമെന്റിന്റെ പ്രത്യേകമായ സഹായം അവർ ആവശ്യപ്പെട്ടിട്ടില്ല. മാത്രമല്ല ഗവൺമെന്റ് ഇക്കാര്യത്തിൽ ഇടപെടുന്നത് അവർക്ക് എതിരായിട്ടാണ് അവർ കാണുന്നത്.

ശ്രീ. തമ്പാനൂർ രവി: ഇവിടെ അന്യാധീനപ്പെട്ട ദേവസ്വം ഭൂമിയുണ്ട്. അതോടൊപ്പം നമ്മുടെ പുരാതന ക്ഷേത്രങ്ങൾക്ക് ധാരാളം തുറസ്സായ സ്ഥലങ്ങളുണ്ട്. എന്നാൽ ഇപ്പോൾ നമുക്ക് കാണാൻ കഴിയുന്നത്, ക്ഷേത്രങ്ങളുടെ പ്രാചീന ഭംഗി നഷ്ടപ്പെടുന്ന തരത്തിൽ, കെട്ടും മട്ടും നഷ്ടപ്പെടുന്ന തരത്തിൽ, ധാരാളം നിർമ്മാണ പ്രവർത്തനങ്ങൾ ദേവസ്വം ബോർഡുകൾ അവിടെ നടത്തുന്നുണ്ട് എന്നതാണ്. ക്ഷേത്രങ്ങളുടെ ഭംഗിയും പുരാതന സംസ്കാരവും നഷ്ടപ്പെടുത്തുന്ന ഇത്തരം നിർമ്മാണപ്രവർത്തനങ്ങൾ ഗവൺമെന്റ് അറിഞ്ഞുകൊണ്ടാണോ നടക്കുന്നത്; ഇതിന് എന്തെങ്കിലും നിയന്ത്രണം ഉണ്ടോ എന്നുള്ള കാര്യം വ്യക്തമാക്കാമോ? ഇത്തരം നിർമ്മാണ പ്രവർത്തനം നടത്തുമ്പോൾ ക്ഷേത്രത്തിന്റെ കെട്ടും മട്ടും പ്രാചീനതയും മാറും നഷ്ടപ്പെടാതെ നോക്കുന്നതിനുള്ള പ്രത്യേക നടപടി ഗവൺമെന്റ് ആലോചിച്ചു സ്വീകരിക്കുമോ?

ശ്രീ. കെ. സി. വേണുഗോപാൽ: ക്ഷേത്രങ്ങളെ സംബന്ധിച്ചിടത്തോളം ഗവൺമെന്റിന്റെ ഇടപെടൽ വളരെ പരിമിതമാണ്. സാധാരണമായിട്ടും ക്ഷേത്ര സംരക്ഷണ സമിതികളും, ക്ഷേത്ര വിശ്വാസികളുടെ സമിതികളുമാണ്

LIBRARY ARCHIVES Kerala Legislative Assembly

ക്ഷേത്രങ്ങളുടെ പുനർ നിർമ്മാണവും നവീകരണവും ഒക്കെ നടത്തിക്കൊണ്ടിരിക്കുന്നത്. മാത്രമല്ല തിരുവിതാംകൂർ-കൊച്ചി ദേവസ്വം ബോർഡുകൾക്ക് സ്വതന്ത്രമായ അധികാരം ഉള്ളവയുമാണ്. പക്ഷേ മലബാറിലാണെങ്കിൽ ക്ഷേത്രങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുമ്പോൾ എച്ച്. ആർ. ആൻറ് സി. ഇ.-യുടെ അംഗീകാരത്തിനായി വരാറുണ്ട്. എന്തായാലും ഇക്കാര്യത്തിൽ ഗവൺമെൻറ് ഒരു പൊതുവായിട്ടുള്ള തീരുമാനം, നമ്മുടെ ക്ഷേത്ര സങ്കൽപ്പങ്ങളുടെ വാസ്തു ശിൽപ്പകലകളുടെ സങ്കൽപ്പങ്ങളുമൊക്കെത്തന്നെ മറികടന്നുകൊണ്ട് കോൺക്രീറ് കെട്ടിടങ്ങൾ ക്ഷേത്രങ്ങളിൽ കൊണ്ടുവരുന്നത് ഒരു കാരണവശാലും അഭിലഷണീയമല്ല എന്നുള്ള അഭിപ്രായം ഗവൺമെൻറ് മുഖവിലയ്ക്കെടുക്കുന്നു. അതുകൊണ്ട് നമ്മുടെ സംസ്കാരത്തിനും കേരളീയ ക്ഷേത്ര കലകൾക്കും അതുപോലെ ക്ഷേത്രവിശ്വാസങ്ങൾക്കും അനുഗുണമാകുന്ന വിധത്തിൽ ക്ഷേത്രങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തണമെന്നുള്ള പൊതുവായ ഗൈഡ്ലൈൻ കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്.

ശ്രീ. ജോണി നെല്ലൂർ: മലബാർ ദേവസ്വം ബിൽ നമുക്ക് ഇതുവരെ പാസാക്കി നിയമമാക്കാൻ പറഞ്ഞിട്ടില്ല. മലബാർ മേഖലയിലെ ക്ഷേത്രങ്ങളിൽ ജീവനക്കാർ വലിയ ബുദ്ധിമുട്ട് നേരിടുകയാണ്. അവർക്ക് തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ജീവനക്കാർക്കുള്ളതുപോലുള്ള സേവന-വേതന വ്യവസ്ഥകൾ ഉറപ്പുവരുത്താൻ എന്തെങ്കിലും നടപടി സ്വീകരിക്കാൻ തയ്യാറാകുമോ?

ശ്രീ. കെ. സി. വേണുഗോപാൽ: ഇത്തരം കാര്യങ്ങൾ സെലക്ട് കമ്മറ്റിയുടെ പരിഗണനയിലാണുള്ളത്. സെലക്ട് കമ്മറ്റിയുടെ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകണമെന്നാണ് ഗവൺമെൻറ് ആഗ്രഹിക്കുന്നത്. സഭാസമ്മേളനം കഴിഞ്ഞ ഉടൻ എന്തെങ്കിലും നടപടി സ്വീകരിക്കണമെന്നാണ് ഗവൺമെൻറ് ആഗ്രഹിക്കുന്നത്. ക്ഷേത്ര ജീവനക്കാരുടെ കാര്യം അങ്ങ് പറഞ്ഞത് ശരിയാണ്. മലബാറിലെ ക്ഷേത്രജീവനക്കാരുടേയും കൊച്ചിയിലെ ക്ഷേത്രജീവനക്കാരുടേയും ശമ്പളം തമ്മിൽ ഒരു താരതമ്യം പോലും പറയാത്തവണ്ണം വളരെ അന്തരമുണ്ട്. പക്ഷേ ഈ ഗവൺമെൻറ് വന്നതിനു ശേഷം ഇക്കാര്യത്തിൽ വളരെ ശക്തമായ നടപടി സ്വീകരിച്ചിട്ടുണ്ട്. മലബാർ മേഖലയിലെ ഹിന്ദു ധർമ്മ ക്ഷേത്രങ്ങളിലെ ജീവനക്കാരുടെ ശമ്പളം 2003 മുതൽ മുൻകാല പ്രാബല്യം നൽകി പരിഷ്കരിച്ചു കൊടുത്തിട്ടുണ്ട്. അതിനായി മാനേജ്മെൻറ് ഫണ്ടിലേക്കുള്ള സംസ്ഥാന ഗ്രാൻറ് ഒരു കോടിയിൽ നിന്ന് മൂന്ന് കോടി രൂപയാക്കി ഈ ഗവൺമെൻറ് വർദ്ധിപ്പിച്ചു. അതനുസരിച്ചുള്ള നടപടികൾ സ്വീകരിച്ചുകൊണ്ട് ശമ്പള പരിഷ്കരണം നടപ്പിലാക്കിയതിൻറെ അടിസ്ഥാനത്തിൽ അവർക്ക് ക്ഷേമനിധിയും നൽകി വരുന്നു. പെൻഷൻ, ഫാമിലി പെൻഷൻ എന്നിവയെല്ലാം ഇരട്ടിയിൽ അധികം വർദ്ധിപ്പിച്ച് കൊടുത്തിട്ടുണ്ട്.

ശ്രീ. എ. സുജനപാൽ: കേരളത്തിൽ പല ക്ഷേത്രങ്ങളിലും മറ്റ് ജാതിക്കാർക്ക് അയിത്തം കൽപ്പിക്കുന്ന സാഹചര്യം ഇപ്പോഴും നിലനിൽക്കുന്നു. നൂറാണ്ടുകൾക്ക് മുമ്പ് പിന്നോക്ക വിഭാഗക്കാർക്കും പട്ടികജാതി പട്ടിക വർഗ്ഗക്കാർക്കും ക്ഷേത്രങ്ങളിൽ പ്രവേശനം ഇല്ലായിരുന്നു. ഗുരുവായൂർ ഉൾപ്പെടെയുള്ള ക്ഷേത്രങ്ങളിൽ അഹിന്ദുക്കൾക്ക് പ്രവേശനമില്ലെന്നുള്ള ഒരു കീഴ്വഴക്കമാണ് കാണാൻ കഴിയുന്നത്. ഹിന്ദു വിശ്വാസം എന്നുള്ളത് ജാതികളുടേയും മതങ്ങളുടേയും അടിസ്ഥാനത്തിൽ അല്ല. അതാണ് യാഥാർത്ഥ്യം. അതുകൊണ്ട് മറ്റ് ജാതിക്കാർക്കുകൂടി വിശ്വാസത്തിൻറെ അടിസ്ഥാനത്തിൽ ക്ഷേത്രത്തിൽ പ്രവേശിക്കാനുള്ള വല്ല നീക്കവും

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുമോ? ഗുരുവായൂരിൽ യേശുദാസിനെപോലുള്ള ഒരു ഹിന്ദുമത വിശ്വാസിക്കു പോലും പ്രവേശിക്കാൻ സാധിക്കാത്ത സാഹചര്യമാണുള്ളത്. അതുകൊണ്ട് ഈ നിബന്ധന പിൻവലിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ? അതിന് വല്ല നടപടിയും സ്വീകരിക്കുമോ?

ശ്രീ. കെ. സി. വേണുഗോപാൽ: വർഷങ്ങളായിട്ട് നിലനിൽക്കുന്ന ആചാരങ്ങളുടേയും വിശ്വാസങ്ങളുടേയും അടിസ്ഥാനത്തിലാണ് കാര്യങ്ങൾ നടക്കുന്നത്. ഇക്കാര്യത്തിലൊന്നും ഇടപെടാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നില്ല. ഇക്കാര്യത്തിൻ പരമ്പരാഗതമായിട്ട് പിന്തുടരുന്ന വിശ്വാസങ്ങളിലൊക്കെ കയറി ഇടപെട്ടിട്ട് മൈനോരിറ്റി പ്രശ്നങ്ങൾ ഉണ്ടാക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നില്ല. അതേസമയം എരുമേലി, ശബരിമല ഇവിടെയൊക്കെത്തന്നെ എല്ലാ മതത്തിലും ഉള്ളവർക്ക് പ്രവേശനം കൊടുത്തിട്ടുണ്ട്. ഓരോരോ വിശ്വാസത്തിന്റെ അടിസ്ഥാനത്തിലാണ് ക്ഷേത്രങ്ങൾ പ്രവർത്തിക്കുന്നത്.

ശ്രീ. കെ. പി. മോഹനൻ: മലബാറിലെ പല ക്ഷേത്രങ്ങളും സംരക്ഷിക്കപ്പെടുന്നില്ല. ക്ഷേത്രങ്ങളുടെ അധീനതയിലുള്ള ഭൂമി പലതും തിട്ടപ്പെടുത്തിയിട്ടില്ല. എന്നുമാത്രമല്ല പല ക്ഷേത്രങ്ങളുടേയും ഭൂമികൾ കയ്യേറ്റം ചെയ്യപ്പെടുകയാണ്. ഉദാഹരണത്തിന് ലോകനാർ കാവ് തുടങ്ങിയ ക്ഷേത്രങ്ങളുടെ ചുറ്റുമുള്ള സ്ഥലങ്ങളൊക്കെത്തന്നെ കയ്യേറിയിരിക്കുകയാണ്. അതുകൊണ്ട് ഭൂമി അളന്ന് തിട്ടപ്പെടുത്തി ക്ഷേത്രങ്ങളുടേതാണെന്ന് കണ്ടുപിടിക്കാൻ അങ്ങ് നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. സി. വേണുഗോപാൽ: കമ്മീഷണർ റാങ്കിലുള്ള ഒരു സ്പെഷ്യൽ ഓഫീസറെ തന്നെ അതിനായി നിയമിച്ചിരിക്കുകയാണ്. എവിടെയാണ് അന്യാധീനപ്പെട്ടുപോയ ഭൂമിയുള്ളത്; ഇപ്പോഴും നിലവിലുള്ള ഭൂമി എത്രയുണ്ട്; എന്നിവയെ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കാൻ കമ്മീഷണറുടെ കീഴിൽ ഓരോ മേഖലയിലും പ്രത്യേകമായിട്ട് ഒരു റിട്ടയേർഡ് തഹസിൽദാറിനെ നിയമിച്ചിരിക്കുകയാണ്. ഇത് അന്വേഷിക്കുന്നതിനുവേണ്ടി ഗവൺമെന്റ് വളരെ സജീവമായിട്ടാണ് മുന്നോട്ട് പോകുന്നത്.

ശ്രീ. എം. എ. വാഹീദ്: സർ, തിരുവിതാംകൂറിലെ എട്ടുവീട്ടിൽ പിള്ളമാരുടെ വസ്തുവകകൾ ഇപ്പോൾ ദേവസ്വം ബോർഡിന്റെ കീഴിലാണ്. എട്ടുവീട്ടിൽ പിള്ളമാരെ നാടു കടത്തിയശേഷം അവരുടെ വീട് കുളംകോരി വസ്തുക്കൾ മിക്കവാറും ദേവസ്വം ബോർഡിനെ ഏൽപ്പിച്ചിരിക്കുകയാണ്. അതിൽ ഒരു പിള്ളയാണ് കഴക്കൂട്ടത്ത് പിള്ള. കഴക്കൂട്ടത്ത് പിള്ളയുടെ വീടെന്ന് പറയുന്നത് കഴക്കൂട്ടം ബൈപ്പാസ് ജംങ്ഷനിലാണ്. അതിനോട് ചേർന്ന് ഒരു കുളവും കുളത്തിനോട് ചേർന്ന് ഒരു കൊട്ടാരവുമുണ്ട്. കഴക്കൂട്ടം കൊട്ടാരം എന്നാണ് അത് അറിയപ്പെടുന്നത്. അത് ജീർണ്ണിച്ച് ഇരുന്ന് വീണുകൊണ്ടിരിക്കുകയാണ്. ഏക്കർ കണക്കിന് സ്ഥലമുണ്ട്. അതിലെ സ്വത്ത് മുഴുവനും ആളുകൾ കൈകാര്യം ചെയ്തുകൊണ്ട് പോകുകയാണ്. ഇത് കഴക്കൂട്ടം ജംങ്ഷനിലെ സാമൂഹ്യ വിരുദ്ധ കേന്ദ്രമായി മാറിയിരിക്കുന്ന സാഹചര്യത്തിൽ ബഹുമാനപ്പെട്ട ഗവൺമെന്റ് ഇടപെട്ട് ദേവസ്വം ബോർഡിനെക്കൊണ്ട് കഴക്കൂട്ടം ജംങ്ഷനിൽ ഭംഗിയായ രീതിയിൽ ക്ഷേത്ര കലകളുമായി ബന്ധപ്പെട്ട ഏതെങ്കിലുമൊരു സ്ഥാപനം ഉണ്ടാക്കാൻ ബഹുമാനപ്പെട്ട മന്ത്രി ശ്രമിക്കുമോ എന്നുള്ളതാണ് എന്റെ ചോദ്യം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ.സി. വേണുഗോപാൽ: മെമ്പർ പറഞ്ഞത് വളരെ ഗൗരവമുള്ള കാര്യമാണ്. അത് സംരക്ഷിക്കുന്നതിനും നന്നാക്കി എടുക്കുന്നതിനും തിരുവിതാംകൂർ ദേവസ്വം ബോർഡിനോട് അടിയന്തിരമായി നടപടി സ്വീകരിക്കണമെന്ന് ഗവൺമെൻറ് ആവശ്യപ്പെടുന്നതാണ്.

ശ്രീ. കെ. ബാബു: സർ, മലബാർ ദേവസ്വം ബോർഡ് രൂപീകരിക്കുന്നത് സംബന്ധിച്ച പ്രശ്നം സെലക്ട് കമ്മിറ്റിയുടെ മുമ്പിലാണെന്ന് പറയുകയുണ്ടായോ? മലബാർ ദേവസ്വം രൂപീകരിക്കുന്നതിന് എത്ര രൂപ പ്രതിവർഷം ചെലവ് വരും എന്ന് കണക്കാക്കിയിട്ടുണ്ടോ? 100 കോടി രൂപ പ്രതി വർഷം ചെലവ് വരുമെന്നാണ് ആദ്യം പറഞ്ഞത്; 36 കോടി രൂപ ചെലവ് വരുമെന്ന് രണ്ടാമത് പറഞ്ഞു. ദേവസ്വം ബോർഡ് രൂപീകരിക്കുന്നത് സംബന്ധിച്ച് നിർദ്ദേശത്തിന് ഉദ്യോഗസ്ഥർ തടസ്സം നിൽക്കുന്നു എന്നാണ് മനസ്സിലാകുന്നത്. ആ കാര്യം ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? എന്നത്തേയ്ക്ക് മലബാർ ദേവസ്വം ബോർഡിൻെറ രൂപീകരണം നടത്താൻ സാധിക്കും എന്ന് വ്യക്തമാക്കാമോ?

ശ്രീ. കെ. സി. വേണുഗോപാൽ: മലബാർ ദേവസ്വം ബോർഡിനെ സംബന്ധിച്ച് നമുക്കറിയാം അവിടെ ശബരിമല പോലെയോ ഗുരുവായൂർ പോലെയോ വരുമാനമുള്ള വലിയ ക്ഷേത്രങ്ങളൊന്നുമില്ല. വളരെ തുച്ഛമായ വരുമാനമുള്ള ക്ഷേത്രങ്ങളും മാത്രമേ അവിടെയുള്ളൂ. ഇപ്പോൾ ഇവിടെ സൂചിപ്പിച്ച ഒരു കണക്കനുസരിച്ച് 100 കോടി രൂപയെങ്കിലും വേണ്ടിവരുമെന്നാണ് ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുള്ളത്. വ്യത്യസ്ത കണക്കുകളും ചിലർ നിരത്തുന്നുണ്ട്. ഏതായാലും ഗവൺമെൻറ് അതേക്കുറിച്ച് പഠിക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതുകൊണ്ടാണ് സെലക്ട് കമ്മിറ്റിയുമായി മുന്നോട്ട് പോകുന്നതിനുവേണ്ടി ആഗ്രഹിക്കുന്നത്.

ശ്രീ. കളത്തിൽ അബ്ദുള്ള: സർ, ഭാരതീയ പാരമ്പര്യത്തിൽ ശ്രദ്ധേയമായ ശ്രീകൃഷ്ണനാമം അനുസ്മരിപ്പിക്കുന്ന രീതിയിൽ മലപ്പുറം ജില്ലയിൽ മൂർക്കനാട് എന്ന പ്രദേശത്ത് വൃന്ദാവനം ഗോകുലമായി പ്രവർത്തിക്കുന്നുണ്ട്. ഭൂമി മുഴുവൻ സംരക്ഷിച്ചു നടത്തുന്ന ഗോകുലത്തിൽ നിരവധി ജീവജാലങ്ങളുണ്ട്; പ്രത്യേകിച്ച് പശുക്കളുണ്ട്. അതുപോലെ അവിടെ കൃഷിയും നന്നായി നടക്കുന്നുണ്ട്. ഇതിൻെറയൊക്കെ ഇപ്പോഴത്തെ അവസ്ഥ നിയമസഭയിൽ ബഹുമാനപ്പെട്ട ദേവസ്വം വകുപ്പുമന്ത്രി ഒന്ന് വ്യക്തമാക്കാമോ?

ശ്രീ. കെ. സി. വേണുഗോപാൽ: ഗോകുലത്തിൻെറ കാര്യം വളരെ സജീവമായി ഗവൺമെൻറ് പരിഗണിച്ചുവരികയാണ്; ഗുരുവായൂർ ദേവസ്വം ബോർഡ് പരിഗണിച്ചു വരികയാണ്. അത് നന്നായി നടത്തുന്നതിനു വേണ്ടിയും അവിടുത്തെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനു വേണ്ടിയുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പ്രത്യേകിച്ച് അങ്ങ് പറഞ്ഞ കാര്യം ഗവൺമെൻറ് പരിശോധിക്കാം.

കൃഷി ആവശ്യത്തിന് സൗജന്യ വൈദ്യുതി

*2 [290] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly